# പതിമൂന്നാം കേരളനിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.239** | **27/01/2014-ൽ മറുപടിക്ക്**

## സൗജന്യ മരുന്ന് വിതരണ പദ്ധതിയിലെ അപാകതകൾ

**ചോദ്യം** | **മറുപടി**

ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
" പി. സി. ജോർജ്ജ്
" റോഷി അഗസ്റ്റിൻ

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സൗജന്യ മരുന്ന് വിതരണ പദ്ധതിയിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ അവശ്യമരുന്നു പട്ടികയിൽ (EDL) ഉൾപ്പെട്ട 518 ഇനം മരുന്നുകൾക്കാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇൻഡന്റ് ക്ഷണിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന എല്ലാ വിഭാഗം രോഗികൾക്കും എല്ലായിനം ജനറിക് മരുന്നുകളും സൗജന്യമായി നൽകുന്ന സർക്കാർ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ റാഷണൽ ഡ്രഗ്ഗ് ലിസ്റ്റിൽ (RDL) ഉൾപ്പെട്ട മരുന്നുകൾ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജനറൽ ആശുപത്രികളിലും 2012 നവംബർ 1 ന് ആരംഭിച്ചു. ഈ പദ്ധതിയുടെ മരുന്നു പട്ടിക തയ്യാറാക്കിയത് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പു മേധാവികൾ ഉൾപ്പെട്ട കമ്മിറ്റിയാണ്. സമയബന്ധിതമായി തയ്യാറാക്കിയ ഈ ലിസ്റ്റിൽ ഉൾപ്പെട്ട ഓരോ മരുന്നിന്റെയും, എല്ലാ ജില്ലകളിലേയും യഥാർത്ഥ ഉപഭോഗം കൃത്യമായി ലഭ്യമല്ലായിരുന്നു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം പ്രാഥമികാരോഗ്യതലം വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിക്കുന്ന പദ്ധതിയ്ക്ക് 2013 ഒക്ടോബർ 2 ന് ആരംഭംകുറിച്ചു. സർക്കാരിന്റെ നിർദ്ദേശപ്രകാരം ആരംഭിച്ച ഈ പദ്ധതിയ്ക്കാവശ്യമായ മരുന്നുകളുടെ യഥാർത്ഥ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ കെ.എം.എസ്.സി. എൽ-ന്റെ വെയർഹൗസുകളിൽ ചില മരുന്നുകൾക്ക് നേരിയ ക്ഷാമം അനുഭവപ്പെട്ടുവെങ്കിലും ജീവൻ രക്ഷാ ഔഷധങ്ങൾക്കൊന്നും ക്ഷാമം നേരിട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | സൗജന്യ മരുന്ന് വിതരണ ലിസ്റ്റിൽ നിന്നും ചില ജീവൻ രക്ഷാ മരുന്നുകൾ ഒഴിവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ; | (ബി) | സൗജന്യ മരുന്നു വിതരണ ലിസ്റ്റിൽ നിന്നും ജീവൻരക്ഷാ മരുന്നുകളൊന്നും തന്നെ ഒഴിവാക്കിയിട്ടില്ല. എന്നാൽ മേൽ സൂചിപ്പിച്ച മരുന്നു പട്ടികകളിൽ (EDL, RDL) ഉൾപ്പെട്ട ചില മരുന്നുകൾ ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നില്ല. ചില മരുന്നുകളുടെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസം, ഒരു ലിസ്റ്റിൽ വരുന്ന മരുന്നുകൾ തന്നെ പല സ്ട്രെംങ്തിൽ മറ്റു ലിസ്റ്റിലും ഉൾപ്പെടുക തുടങ്ങിയ കാരണങ്ങളാൽ, ആരോഗ്യ വകുപ്പിന്റേയും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന വിദഗ്ധ സമിതി വിവിധ തലങ്ങളിൽ ചർച്ച നടത്തി നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചാണ് സംഭരിക്കുന്ന മരുന്നുകളുടെ ലിസ്റ്റ് പരിഷ്ക്കരിച്ചത്. വളരെയധികം മരുന്നുകൾ ലഭ്യമാണെങ്കിലും അവയെല്ലാം തന്നെ സ്ഥിരമായി ഉപയോഗിച്ച് വരുന്നതല്ല. ഉപയോഗിച്ചു വരുന്ന എല്ലാത്തരം ജീവൻ രക്ഷാ മരുന്നുകളും പുതുക്കിയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആന്റികാൻസർ മരുന്നുകൾ ഉൾപ്പെടെ 771 ഇനം മരുന്നുകൾ പുതുക്കിയ ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ അത്യാവശ്യമായി മറ്റേതെങ്കിലും മരുന്ന് ആവശ്യമായി വന്നാൽ അത് മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി നൽകുന്നതിനുള്ള സംവിധാനവും മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. |
| (സി) | സൗജന്യ മരുന്ന് വിതരണ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നിലവിൽ സൗജന്യ മരുന്നുവിതരണ പദ്ധതി കാര്യക്ഷമമായാണ് നടപ്പിലാക്കിവരുന്നത്. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ സ്ഥാപനങ്ങളിലും ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും കമ്മിറ്റികൾ ഉണ്ട്. എന്തെങ്കിലും വീഴ്ചകൾ ഉണ്ടാവുകയാണെങ്കിൽ ഈ കമ്മിറ്റികൾ അവ പരിഹരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ